**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **09-02-2023 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാങ്കേതികത അടിസ്ഥാനമായുള്ളതോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ നൂതന ആശയങ്ങളെ സംരംഭങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി ‘യുവ സംരംഭകത്വ പദ്ധതി’ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. പൊതുജനങ്ങളിൽ നിന്നും ഉയർന്നു വരുന്ന നൂതന ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിന് വർഷം തോറും കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നവേഷൻ ഡ്രൈവ് നടത്തുന്നുണ്ട്. അതിൽ നിന്നും വിദഗ്ധ സമിതിയുടെ പരിശോധനയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങളെ ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിനും ഉൽപ്പാദനത്തിനും വിപണി പ്രവേശനത്തിനും പ്രസ്തുത ഉത്പന്നങ്ങളുടെ ഗുണമേന്മ, ഉത്പാദനം, വിപണി എന്നിവ ഉയർത്തുന്നതിനുമുള്ള ഇന്നവേഷൻ ഗ്രാന്റ് നൽകി പൂർണ്ണതോതിലുള്ള സംരംഭമായി മാറ്റുന്നതിനുള്ള ആവസരം ഒരുക്കുന്നു. പ്രീ ഇൻകുബേഷൻ, ഇൻകുബേഷൻ എന്നിവ ആവശ്യമായവർക്ക് ലോകോത്തര നിലവാരമുള്ള ഇൻകുബേറ്ററുകളിലൂടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും അവ ലഭ്യമാക്കുന്നുമുണ്ട്. |
| (ബി) | ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ കോർത്തിണക്കി ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉല്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉത്പന്നങ്ങളായി മാറ്റുന്നതിന് സഹായകരമായ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള (RINK)എന്ന പദ്ധതി ‘യുവ സരംഭകത്വ പദ്ധതി’യുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി;<br><br>1. ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, അധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ |

| | | | |
|---|---|---|---|
| | | | പരസ്പരം ബന്ധപ്പെടുത്തുന്നതിനും സംവദിക്കുന്ന തിനുമുള്ള RINK പ്ലാറ്റ് ഫോം നിലവിലുണ്ട്.<br>2. ഗവേഷണ വികസന ഫലമായി ഉരിത്തിരിയുന്ന ആശയങ്ങളെയും ഉൽപ്പന്നങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യക്കാർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം RINK പ്ലാറ്റ് ഫോമിൽ ഒരുക്കിയിട്ടുണ്ട്.<br>3. സാങ്കേതികത ആവശ്യമായവർക്ക് ആയത് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനുള്ള സഹായം ഈ പ്ലാറ്റ്ഫോമിലൂടെ നൽകി വരുന്നു.<br>4. ഗവേഷണഫലമായി ഉണ്ടാകുന്ന ഉൽപ്പന്നങ്ങളെക്കുറിച്ച് വിശദമായി അറിയുന്നതിനുള്ള അവസരവും തുടർച്ചയായി നടത്തിവരുന്ന 'ഡെമോ ഡേ' കളിലൂടെ ബന്ധപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ട്.<br>5. വിവിധ വർക്ഷോപ്പുകളും പരിശീലന പരിപാടികളും RINK പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു.<br>6. മഹാത്മഗാന്ധി സർവകലാശാലയുമായി സഹകരിച്ച് ഒരു റിസർച്ച് ഇങ്കുബേറ്ററും നടപ്പിലാക്കി വരുന്നു. |
| (സി) | പ്രാരംഭ ഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. പ്രാരഭ ഘട്ടത്തിലെന്ന പോലെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള നിലവിലെ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. ആശയം ആദ്യ മാതൃകയാക്കി വികസിപ്പിക്കുന്നതിന് 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ്.<br>2. ഉൽപ്പന്നമാക്കി വികസിപ്പിക്കുന്നതിന് 4 ലക്ഷം രൂപയുടെ പ്രോഡക്റ്റൈസേഷൻ ഗ്രാന്റ്<br>3. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിന് 3 ലക്ഷം രൂപയുടെ മാർക്കറ്റ് ആക്സസ് ഗ്രാന്റ്<br>4. ഉയർച്ചയിലെത്തുന്നതിന് 5 ലക്ഷം രൂപ വരെ സ്കെയിലപ് ഗ്രാന്റ്.<br>5. ഓരോ ഘട്ടത്തിലും വിദഗ്ധരിലൂടെ നൽകുന്ന മെന്റർഷിപ്പ്<br>6. വളർച്ചയുടെ ഘട്ടത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 15 ലക്ഷം രൂപ വരെ ലഘുവായ വ്യവസ്ഥയിൽ വായ്പ നൽകുന്ന സീഡ് ഫണ്ട് പദ്ധതി. |

| | | | |
|---|---|---|---|
| | | | 7. ഉയർന്ന മൂലധന ലഭ്യത ഉറപ്പാക്കുന്നതിനായി സെബി (SEBI) അംഗീകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന ഫണ്ട് ഓഫ് ഫണ്ട് പദ്ധതി.<br>8. ഉൽപ്പന്നം ദേശീയ അന്തർദേശീയ തലത്തിൽ പ്രദർശിപ്പിക്കുന്നതിനും അതിലൂടെ വിപണി കണ്ടെത്തുന്നതിനും സഹായകരമാകുന്നതിന് പ്രശസ്തമായ ദേശീയ അന്തർദേശീയ മേളകളിൽ സ്റ്റാർട്ടപ്പുകൾക്ക് പങ്കെടുക്കുന്നതിനുള്ള സഹായം. |

സെക്ഷൻ ഓഫീസർ